Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ താത്കാലികമായി കരാർ വ്യവസ്ഥയിൽ എഞ്ചിനീയർമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇ.ഡബ്ലിയു) വകുപ്പ്

സ.ഉ. (സാധ) നം.3181/12/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 19-11-2012.

---

പരാമർശം: 15-11-2012-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പുകളിലെ ഇനം. നം. 2.1.3.

## ഉത്തരവ്

പരാമർശം പ്രകാരം 15-11-2012-ൽ കൂടി സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ഐറ്റം നം. 2.1.3. പ്രകാരം എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പി.എസ്സ്.സി. ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നത്വരെ താത്ക്കാലികമായി എഞ്ചിനീയർമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കാനും, തനത് ഫണ്ടിൽനിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽനിന്നോ വേതനം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ എഞ്ചിനീയർമാർ ഇല്ലാത്ത ഗ്രാമപഞ്ചാത്തുകളിൽ പി.എസ്സ്.സി. ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നതുവരെ താത്കാലികമായി എഞ്ചിനീയർമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കാനും തനത് ഫണ്ടിൽനിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽനിന്നോ വേതനം നൽകാനും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജെ. സ്റ്റാൻലി**
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റുമാർക്കും
വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി.
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
(19-11-2012-ലെ 67633/ഡി.എ.1/12/തസ്വഭവ. നമ്പർ കുറിപ്പ് പ്രകാരം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തൃശ്ശൂർ.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു: പഞ്ചായത്തു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പഞ്ചായത്തു വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ